പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1535 **16-10-2026-ൽ മറുപടിയ്ക്ക്**

സ്വാശ്രയ കേളേജുകൾക്ക് സ്ഥിരം അഫിലിയേഷൻ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. മഞ്ഞളാംകുഴി അലി ശ്രീ. റോജി എം. ജോൺ
(ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

(എ) സഹകരണ മേഖലയിൽ ഉൾപ്പടെ പ്രവർത്തിയ്ക്കുന്ന സ്വാശ്രയ കേളേജുകൾക്ക് സ്ഥിരം അഫിലിയേഷൻ ലഭിയ്ക്കാത്തത് മൂലമുള്ള പ്രയാസങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

മറുപടി: ഉണ്ട്.

(ബി) ഇത്തരം അഫിലിയേഷൻ ലഭിയ്ക്കാത്തത് മൂലം സ്ഥാപനത്തിന്റെ അടിസ്ഥാന സൗകര്യമുൾപ്പടെയുള്ളവയ്ക്ക് ഗ്രാന്റ് ഉൾപ്പടെയുള്ള സഹായങ്ങൾ ലഭ്യമാക്കുന്നതിനും അക്കാദമിക വികസനത്തിനും തടസ്സമാകുന്നുണ്ടോ; പ്രസ്തുത വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

മറുപടി: യു.ജി.സി റെഗുലേഷൻസ് 2009-ലെ ചാപ്റ്റർ V പ്രകാരം സ്ഥിരം അഫിലിയേഷൻ അനുവദിക്കുന്നതിന് അധ്യാപക/ അനധ്യാപക ജീവനക്കാരുടെ സ്ഥിര നിയമനം ഉൾപ്പെടെയുള്ള നിബന്ധനകൾ പാലിക്കേണ്ടതുണ്ട്. എന്നാൽ സ്വാശ്രയ കോളേജുകളിലെ ജീവനക്കാരുടെ നിയമനം THE KERALA SELF FINANCING COLLEGE TEACHING AND NON TEACHING EMPLOYEES (APPOINTMENT AND CONDITIONS OF SERVICE)ACT, 2021 (ACT 13 OF 2021) പ്രകാരമുള്ള വ്യവസ്ഥകൾക്ക് വിധേയമായി ജീവനക്കാരുമായി എഗ്രിമെന്റിന്റെ അടിസ്ഥാനത്തിലാണ് നടത്തിവരുന്നത്.

യു.ജി.സി റഗുലേഷൻ പ്രകാരം കോളേജുകൾക്ക് സ്ഥിരം അഫിലിയേഷൻ ഉണ്ടെങ്കിൽ മാത്രമേ യു.ജി.സി യുടെ 12(B) ലിസ്റ്റിൽ ഉൾപ്പെടുവാൻ സാധിക്കുകയുള്ളൂ. ഈ വ്യവസ്ഥ പ്രകാരം ബാധകമായ മാനദണ്ഡങ്ങൾ പാലിക്കുന്ന കോളേജുകൾക്ക് കേന്ദ്ര / യു.ജി.സി ഗ്രാന്റ് ലഭിക്കുകയുള്ളൂ.

(സി) ഇത് പരിഹരിക്കുന്നതിന് സർവ്വകലാശാലകളുടെ ബന്ധപ്പെട്ട നിയമത്തിലും സ്റ്റാറ്റ്യൂട്ടുകളിലും റഗുലേഷനിലും ഭേദഗതി വരുത്തണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

മറുപടി: ഇക്കാര്യം പരിഗണനയിലാണ്.

സെക്ഷൻ ഓഫീസർ